# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**


**പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

# ഇരിങ്ങാലക്കുട ബ്ലോക്ക്, തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 30/2018(59), ചൊവ്വാഴ്ച** — **തീയ്യതി 24.07.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 173.8 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 27.6 മുതൽ 30.1 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.4 മുതൽ 23.4 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 92 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 75 മുതൽ 95 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.7 മുതൽ 2.2 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 0.8 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.3 മുതൽ 2.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 25.07.2018 | 26.07.2018 | 27.08.2018 | 28.07.2018 | 29.07.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 21 | 16 | 20 | 10 | 10 |
| ഉയർന്ന താപനില (°C) | 29 | 30 | 30 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |
| **അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.<br>വരും ദിവസങ്ങളിൽ ഇരിങ്ങാലക്കുട ബ്ലോക്കിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.** | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| വാഴ | കുലയ്ക്കുന്ന പരുവം | എർവിനിയ റോട്ട് | തുടർച്ചയായ മഴ മൂലം, വാഴയിൽ എർവിനിയ റോട്ട് രോഗം കണാനിടയുണ്ട്. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. ഇങ്ങനെ തയ്യാറാക്കിയ 20 ലിറ്റർ ലായനിയിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ ചേർത്ത് തളിക്കുന്നത് കൂടുതൽ ഫലപ്രദമാകും. |
| പച്ചക്കറികൾ (പയർ) | പൂക്കുന്ന/കായ്ക്കുന്ന പരുവം | മൃദുരോമപൂപ്പ് | മഴക്കാലത്ത് പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം ട്രൈക്കോഡർമ അല്ലെങ്കിൽ 2 ഗ്രാം കർസേറ്റ് എം 8 അല്ലെങ്കിൽ 1 മി.ലി ഇക്വേഷൻ പ്രോ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | - | കൂമ്പുചീയൽ | തുടർച്ചയായ മഴ മൂലം, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കൂമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോമിശ്രിതം അല്ലെങ്കിൽ 0.2% കൊസൈഡ് പശ ചേർത്ത് തെങ്ങിന്റെ മണ്ടയിൽ മഴയില്ലാത്തപ്പോൾ തളിക്കുക. |
| മൃഗസംരക്ഷണം | അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിനു ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |